# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2429 12.06.2018-ൽ മറുപടിക്ക്**

**കുറ്റിപ്പുറം മാൽകോടെക്സ് സ്പിന്നിംഗ് മില്ലിലെ എം.ഡി.നിയമനം**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വ്യവസായ വകുപ്പിന് കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ 01.01.2018 മുതൽ മാനേജിംഗ് ഡയറക്ടർ നിയമനത്തിന് എത്ര പേരാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) മാനേജിംഗ് ഡയറക്ടർ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) കുറ്റിപ്പുറം മാൽകോടെക്സ് സ്പിന്നിംഗ് മില്ലിലെ എം.ഡി. നിയമനത്തിനായി പ്രസ്തുത മില്ലിൽ ജോലിചെയ്യുന്ന സീനിയറായ ഉദ്യോഗസ്ഥർ സമർപ്പിച്ച അപേക്ഷ പരിഗണിക്കാതെ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിലെ ജൂനിയറായ ഉദ്യോഗസ്ഥന് എം.ഡി.യുടെ അധിക ചുമതല നൽകുവാനുണ്ടായ കാരണം വ്യക്തമാക്കുമോ? | (ബി) 2011 ൽ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിലെ ജനറൽ മാനേജരായി ജോലിയിൽ പ്രവേശിച്ച് 2014 മുതൽ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയും വഹിക്കുന്ന ഉദ്യോഗസ്ഥനാണ് കുറ്റിപ്പുറം മാൽകോടെക്സ് സ്പിന്നിംഗ് മില്ലിലെ മാനേജിംഗ് ഡയറക്ടറുടെ അധികചുമതല നൽകിയിട്ടുള്ളത്. ഇദ്ദേഹം ജൂനിയറായ ഉദ്യോഗസ്ഥനല്ല. ഈ മേഖലയിൽ 25 ലേറെ വർഷത്തെ പ്രവർത്തി പരിചയമുണ്ട്. 03.04.2018 ലെ സർക്കാർ ഉത്തരവ് (സാധാ)നം.400/2018/വ്യവ നമ്പർ ഉത്തരവ് പ്രകാരം മാൽകോടെക്സ് മാനേജിംഗ് ഡയറക്ടറുടെ അധികചുമതല വഹിച്ചിരുന്ന ശ്രീ.കെ.ശശീന്ദ്രനെ വിരമിച്ചതിനെ തുടർന്ന് സർവ്വീസിൽ നിന്ന് 31.03.2018 ന് വിടുതൽ ചെയ്യുകയും തൽസ്ഥാനത്തേക്ക് കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജരായ ശ്രീ.സി.ആർ.രമേഷിന് മാനേജിംഗ് ഡയറക്ടറുടെ അധികചുമതല നൽകി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ